പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 135 | 16-10-2026-ൽ മറുപടിയ്ക്ക്

# പ്രത്യേക കാർഷിക പദ്ധതി

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. എം. റഹ്മത്തുള്ള

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. ടി. പി. അഷ്‌റഫലി

ശ്രീ. എ. കെ. എം. അഷ്‌റഫ്

**മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. സിദ്ദീഖ്

(കൃഷി വകുപ്പ് മന്ത്രി)

**(എ)** തുടർച്ചയായ ചൂടും ജലക്ഷാമവും മൂലം കാർഷിക മേഖലയിൽ ഉണ്ടായിരിക്കുന്ന പ്രതിസന്ധി പരിശോധിച്ചിട്ടുണ്ടോ;

**മറുപടി: ഉണ്ട്. കാലാവസ്ഥ വ്യതിയാനം, പ്രളയം, വരൾച്ച, കീടബാധ തുടങ്ങിയ പ്രകൃതിക്ഷോഭം മൂലമുള്ള വിളനാശം കണക്കാക്കുന്നതിനായി നിലവിൽ AIMS പോർട്ടൽ സംവിധാനം നിലവിലുണ്ട്. 2021-22 മുതൽ 2025-26വരെയുള്ള കാലയളവിൽ കടുത്ത വേനലിനെത്തുടർന്ന് 3879 കർഷകരുടെ 1271.935 ഹെക്ടർ ഭൂമിയിലായി ആകെ 179.366 ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. കൂടാതെ അപ്രതീക്ഷിത പ്രളയം മൂലം 20344 കർഷകരുടെ 3654.89 ഹെക്ടർ ഭൂമിയിലായി ആകെ 523.683 ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്.**

**(ബി)** വിളനാശം സംഭവിക്കുന്ന കർഷകർക്ക് അർഹമായ നഷ്ടപരിഹാരം നൽകുന്നതിനും ജലലഭ്യത ഉറപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

**മറുപടി:** 2012 മുതൽ കേരളത്തിൽ **ഇൻഷ്വറൻസ് പരിരക്ഷ നടപ്പിലാക്കി വരുന്നു. എല്ലാ പ്രധാന കാർഷിക വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിക്കൊണ്ടും നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചുകൊണ്ടും സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന കൃഷിനാശത്തിന് സംസ്ഥാന ദുരന്ത നിവാരണ വകുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും സ.ഉ.(കൈ)നം.6/2023/ഡിഎംഡി പ്രകാരമുള്ള ആശ്വാസ ധനസഹായം അനുവദിച്ചു വരുന്നുണ്ട്. 22.03.2017 തീയതിയിലെ സ.ഉ.(എം.എസ്)നം.37/2017/കൃഷി, 27.10.2017 തീയതിയിലെ സ.ഉ.(സാധാ)നം.1066/2017/കൃഷി, 13.12.2017 തീയതിയിലെ സ.ഉ.(കൈ)നം.1192/2017/കൃഷി, 28.11.2024 തീയതിയിലെ സ.ഉ.(സാധാ)നം.1117/2024/കൃഷി, 13.03.2026 തീയതിയിലെ സ.ഉ.(കൈ)നം.32/2026/ കൃഷി എന്നീ ഉത്തരവുകൾ പ്രകാരം വിവിധ വിളകൾ ഇൻഷ്വറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കിവരുന്ന പുനരാവിഷ്കൃത കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി (RWBCIS) പ്രകാരവും 27 കാർഷിക വിളകൾക്ക് നഷ്ടപരിഹാരം നൽകി വരുന്നുണ്ട്.**

**(സി)** കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ ജലലഭ്യത, ജലസേചന സൗകര്യം എന്നിവ വിലയിരുത്തിയുള്ള പ്രത്യേക കാർഷിക പദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിശോധിക്കുമോ?

**മറുപടി:** കേരളത്തിൽ ലഭ്യമായ ജലം പരമാവധി കാര്യക്ഷമമായി വിനിയോഗിക്കുന്നതിനുള്ള മൈക്രോ ഇറിഗേഷൻ സംവിധാനങ്ങൾക്ക് സംസ്ഥാനത്ത് പ്രാധാന്യം നൽകിവരുന്നു. ഇതിന്റെ ഭാഗമായി കേന്ദ്രാവിഷ്കൃത പദ്ധതിയായ Per Drop More Crop (PDMC) പ്രധാൻമന്ത്രി രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ (PM-RKVY) ഭാഗമായി ഡ്രിപ്പ്, മൈക്രോ ഇറിഗേഷൻ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനായി 55% വരെ ചെറുകിട/നാമമാത്ര കർഷകർക്കും 45% വരെ മറ്റ് കർഷകർക്കും സബ്സിഡി അനുവദിക്കുന്നതിനുള്ള നടപടികൾ സംസ്ഥാനത്ത് സ്വീകരിച്ചുവരുന്നു. നാളികേര തോട്ടങ്ങളിൽ മൈക്രോ ഇറിഗേഷൻ സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനായി PDMC സബ്സിഡിക്കു പുറമേ നാളികേര വികസന പദ്ധതിയുമായി സംയോജിപ്പിച്ച് ടോപ്പ്-അപ് സബ്സിഡിയും നടപ്പിലാക്കുന്നുണ്ട്. 2026-27 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് 5080 ഹെക്ടർ ഡ്രിപ്പ് ഇറിഗേഷനും 5270 ഹെക്ടർ സ്പ്രിംഗ്ളർ ഇറിഗേഷനും ഉൾപ്പെടെ ആകെ 10350 ഹെക്ടർ സ്ഥലത്ത് മൈക്രോ ഇറിഗേഷൻ സംവിധാനങ്ങൾ നടപ്പിലാക്കിവരുന്നു.

**സെക്ഷൻ ഓഫീസർ**